# അദ്ധ്യാപനവൃത്തി

സംഗീതരത്ന എസ്. രുക്മിണി ഗോപാലകൃഷ്ണൻ



സംഗീതത്തിൽ എങ്ങനെയാണോ ഒരു രാഗത്തിന്റെ ലക്ഷണം അഥവാ ഒരു താളത്തിന്റെ ലക്ഷണം എന്താണ് എന്നു ചോദിച്ചു മനസ്സിലാക്കാമോ അതുപോലെയാണ് ഒരു വീണ പഠിപ്പിക്കുന്ന അദ്ധ്യാപികയോട് ലക്ഷണം ചോദിച്ചാൽ എനിക്കു പറയാനുള്ള മറുപടി ഇതാണ്. തന്റെ കർമ്മമേഖലയോടു നൂറു ശതമാനം പ്രതിബദ്ധത കാണിക്കുക. അതാണു ഒരു നല്ല രാജകീയ വാദ്യമായ വീണ പഠിപ്പിക്കുന്ന അദ്ധ്യാപികയുടെ യോഗ്യതയായി കാണുന്നത്. അതുപോലെതന്നെ ക്ഷമയും. നല്ല ഫലം കിട്ടാൻ ക്ഷമയോടു കൂടി പഠിപ്പിക്കേണ്ടി വരും. കാരണം പല പ്രകൃതക്കാരായ വിദ്യാർത്ഥി, വിദ്യാർത്ഥിനികളുമായി നിരന്തരം ഇടപഴകേണ്ടിവരുന്ന ഒരു കർമ്മ മേഖലയാണ് അദ്ധ്യാപനവൃത്തി. ഇതിൽ അനുഭവങ്ങളാണ് എന്നെപ്പോലുള്ള ഒരു അദ്ധ്യാപികയുടെ ഏറ്റവും വലിയ ഒരു സമ്പത്തായി കാണുന്നത്. ഗാനഭൂഷണം, ഗാനപ്രവീണ, ബി.പി.എ., എം.പി.എ., ബി.എ. മ്യൂസിക്, എം.എ. മ്യൂസിക് ഇങ്ങനെപലതരത്തിലുള്ള ഡിപ്ലോമ അല്ലെങ്കിൽ ഡിഗ്രി നേടിക്കഴിഞ്ഞു പഠിപ്പിക്കുവാൻ തുടങ്ങുമ്പോഴാണ് ഒരു സംഗീത അദ്ധ്യാപിക പഠനം തുടങ്ങുന്നത്. പിന്നെ ജീവിതകാലം മുഴുവനും സംഗീത പഠനമാണ്. ശാസ്ത്രീയ സംഗീത കല ഒരു സാഗരം പോലെയാണ്. പഠിച്ചും, പഠിപ്പിച്ചും, സംഗീത കച്ചേരികൾ ചെയ്തും മറ്റുള്ളവരുടെ സംഗീത കച്ചേരികൾ കേട്ടുമുള്ള അനുഭവങ്ങൾ മാത്രമാണ് ഒരു നല്ല സംഗീതജ്ഞനാകാൻ നമ്മെ സഹായിക്കുന്നത് എന്നുകൂടി ഓർക്കണം. അതുപോലെ സംഗീതം പഠിക്കുന്ന വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ തുടക്കത്തിൽതന്നെ നന്നായി ശ്രദ്ധിച്ചു ഗ്രഹിച്ചാലെ സ്വരസ്ഥാനങ്ങൾ ശുദ്ധമായി മനസ്സിലാക്കാൻ സാധിക്കൂ. പഠിക്കുമ്പോൾ വ്യക്തമായി മനസ്സിലാക്കി അതിനനുസരിച്ചു ആസൂത്രണം നടത്തി ശരിയായ രീതിയിൽ സാധകം ചെയ്തു ശുദ്ധതി വരുത്തിയാൽ മാത്രമേ വിജയം നേടാൻ കഴിയൂ. ലക്ഷ്യം, സാധ്യതകൾ എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായ ബോധമുണ്ടെങ്കിൽ മാത്രമേ സംഗീത ലോകത്തിൽ പ്രമുഖനായ ഒരു സംഗീത വിദ്വാൻ സ്ഥാനം ലഭിക്കുകയുള്ളൂ. ഓരോരുത്തരും അവരവരുടെ ശാരീരത്തിന്റെ ശക്തിയും, ദൗർബല്യവും, മനസ്സിലാക്കി അതനുസരിച്ചു ശാസ്ത്രീയമായ രീതിയിൽ പാടാൻ ശ്രദ്ധിക്കണം. പ്രായോഗിക പ്രവർത്തനങ്ങളിൽ ഊന്നിയുള്ള തൊഴിലുകളിൽ ഏറ്റവും പ്രധാനപ്പെട്ട തൊഴിലാണ് സംഗീതം പഠിപ്പിക്കുക അല്ലെങ്കിൽ ഏതെങ്കിലും ഉപകരണ സംഗീതം പഠിപ്പിക്കുക. സൈദ്ധാന്തിക കാര്യങ്ങളിലെ പാണ്ഡിത്യംകൊണ്ടു സംഗീതം പഠിപ്പിക്കാൻ സാധ്യമല്ല. പ്രായോഗിക രീതിയിൽ ചെയ്തുകാട്ടേണ്ട കാര്യങ്ങൾ അതായതു പാടിയും വാദ്യങ്ങൾ വായിച്ചും തന്നെ കാണിക്കണം. ഒരു അദ്ധ്യാപകനു ഏറ്റവും ആവശ്യമുള്ള ഒരു ഘടകമാണ് ക്ഷമയും സമർപ്പണബോധവും. അവനവൻ കൈകാര്യം ചെയ്യുന്ന എന്തിനെക്കുറിച്ചും നല്ല അറിവു വേണം നല്ലപോലെ പഠിച്ചിട്ടു വേണം പഠിപ്പിക്കാൻ. ശിഷ്യന്മാരെ ആത്മാർത്ഥതയോടെകൂടി പഠിപ്പിക്കുക എന്നുള്ള കാര്യം കടുത്ത ഉത്തരവാദിത്വമുള്ളതാണ്.

ഏറെ ബുദ്ധിയുണ്ടായാൽ മാത്രം പ്രൊഫഷനിൽ വിജയിച്ചു കളയാമെന്നു ധരിച്ചുകൂടാ. വീണ എന്ന വിശിഷ്ട വാദ്യത്തിൽ രണ്ടുകൈ വിരലുകൾകൊണ്ടു ചലിപ്പിക്കുമ്പോൾ സംഗീത ശാസ്ത്രവും ശാസ്ത്രീയ ഭംഗിയും കടുകിടെ മാറാതെ വായിക്കുവാൻ സാധിച്ചാലേ പ്രഫഷനിൽ വിജയിക്കുവാൻ സാധിക്കൂ എന്നുള്ളതിൽ സംശയമില്ല. അർപ്പണ മനോഭാവമുള്ളവർക്കുമാത്രം ചെയ്യാൻ കഴിയുന്ന തൊഴിലാണ് വീണ എന്നുള്ള വാദ്യം പഠിപ്പിച്ചു കൊടുക്കുക എന്നുള്ളത്. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഗുരു പഠിപ്പിക്കുമ്പോൾ നല്ലതുപോലെ ഗ്രഹിക്കുന്നതിനും ഗ്രഹിച്ചതു ദഹിപ്പിക്കുന്നതിനും ദഹിച്ചതു പ്രേക്ഷകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനുംവേണ്ട കഴിവും നേടണം. നമുക്ക് അറിയാവുന്നതിനെക്കാൾ അറിവില്ലാത്തതാണ് അധികവും എന്നുള്ള സത്യം മറക്കാതിരുന്നാൽ വിജയം നമ്മെ തേടി എത്തും. ജീവിതം മുഴുവനുംതന്നെ ആത്മസമർപ്പണം ചെയ്യാൻ പറ്റുന്നവർക്കു മാത്രമേ ഒരു വിശിഷ്ട സംഗീതജ്ഞനാകാൻ സാധിക്കുകയുള്ളൂ. ഒരു ചെറിയ ഉദാഹരണം പറയാം. ഹൈദരാബാദ് ഉസ്മാനിയ, യൂണിവേഴ്സിറ്റിയിൽ ഗോൾഡൻ ജൂബിലി 1967-ാം വർഷം ഗംഭീരമായി നടന്നു. അന്നത്തെ മീറ്റിംഗിൽ സർ. സി. വി. രാമൻ അവർകൾ വൈരത്തെക്കുറിച്ചു താൻ ചെയ്ത ഗവേഷണത്തെപ്പറ്റി പ്രഭാഷണം നടത്തി. പ്രഭാഷണം കേട്ടുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥി ചോദിച്ചു, സർ താങ്കൾ വൈരത്തിന്റെ ഗുണം പ്രകാശം എന്നുള്ളവയെക്കുറിച്ചു വിസ്താരമായി വിവരിച്ചു. സന്തോഷം, പക്ഷെ വൈരം എങ്ങനെഉണ്ടാക്കണം എന്ന് പറഞ്ഞില്ലല്ലോ. അതാണ് എനിക്കറിയേണ്ടത്. സർ സി.വി. രാമൻ ഒട്ടും താമസിയാതെ പെട്ടെന്നു മറുപടി പറഞ്ഞുകൊടുത്തു. അതു വളരെ എളുപ്പമുള്ള കാര്യമാണ്. ഒരു ചെറിയ കരിക്കഷ്ണം എടുത്തു. ഭൂമിയിൽ ആയിരം അടി താഴ്ച്ചയിൽ കുഴിച്ചു വെക്കണം. പിന്നെ ആയിരം വർഷങ്ങൾ ക്ഷമയോടുകൂടി കാത്തിരിക്കണം. അത്രയേയുള്ളൂ എന്നു പറഞ്ഞു.

അതായതു ഏതൊരു നേട്ടങ്ങൾക്കു പിന്നിലും എത്രത്തോളം കഠിനപ്രയത്നവും ക്ഷമയും ആവശ്യമായി വേണ്ടിവരും എന്നുള്ള കാര്യം സർ സി.വി. രാമൻ അവർകൾ ചുരുക്കി പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ഗുരുവിന്റെ സ്ഥാനം, ബഹുമാനം എന്നിവ എന്നും നിലനിർത്തേണ്ടതാണ്. അതുകൊണ്ടു യാതൊരു പിഴവുകളും കർമ്മരംഗത്തിൽ സംഭവിക്കാതിരിക്കുവാൻ ഗുരു എപ്പോഴും ശ്രദ്ധിക്കണം. ആശാൻ പിഴച്ചു എന്നു കുട്ടികൾ ഒരിക്കലും പറയാൻ ഇട വരുത്തരുത്. ഗുരുവിന്റെ വൈഭവമാണ് ശിഷ്യരുടെ മേന്മ. ആരാണ് വീണ പഠിപ്പിച്ചത് എന്നാകും ഏവരും ചോദിക്കുക. ഞാൻ ഇന്ന ഗുരുവിന്റെ ശിഷ്യനാണ് എന്ന് അവർ അഭിമാനത്തോടെ പറയണം. വീണ പഠിപ്പിക്കുമ്പോൾ ബുദ്ധിമാൻമാരായ ശിഷ്യന്മാർ അനവധി സംശയങ്ങൾ ഉന്നയിക്കും. ഈ സംശയങ്ങളെല്ലാം ദുരീകരിച്ചു നൽക്കുക എന്നതു ഒരു ഗുരുവിന്റെ കടമയാണ്. പഠിച്ചതിലും എത്രയോ അധികമായിട്ടാണ് പഠിപ്പിക്കുവാൻ വേണ്ടി വായിച്ചു മനസ്സിലാക്കേണ്ടത്. ഗുരുവിൽനിന്നു ലഭിച്ച സംഗീത ശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നും ഇനിയും എത്രയോ അധികം കടന്നു ചെല്ലാനുണ്ടെന്നു ഓർത്ത് വിനയാന്വിതനാകേണ്ടത് ഒരു ഉത്തമ ഗുരുവിന്റെ ലക്ഷ്യമായിരിക്കണം.